# അധ്യായം 100
## അൽ ആദിയാത്ത് (ഓടുന്നവ)
അവതരണം. മക്കയിൽ, വചനങ്ങൾ 11

---

അധ്യായ പരിചയം

പ്രവാചകൻ മുഹമ്മദ്(സ)യുടെ മക്കാജീവിതത്തിൻെറ ആദ്യനാളുകളിൽ മക്കയിൽ അവതരിച്ച അധ്യായമാണിത്. മദീനയിൽ അവതരിച്ചതാണെന്ന് അഭിപ്രായമുള്ളവരും പണ്ഡിതന്മാരിലുണ്ട്.

മനുഷ്യരുടെ ധാർമികാധഃപതനവും അവൻെറ പരലോകപരിണതിയും ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു. ഈ ലോകത്തെ കർമങ്ങളെ സംബന്ധിച്ച് അവനെ ചോദ്യം ചെയ്യുമെന്നും അത് സൂചിപ്പിക്കുന്നു.

മനുഷ്യൻെറ ധാർമികാധഃപതനത്തിന് തെളിവായി ഈ അധ്യായം അവതരിച്ച കാലത്തെ സാമൂഹികചുറ്റുപാടുകളെ സോദാഹരണം എടുത്തുകാണിക്കുന്നു. ഗോത്ര വൈരവും പകവീട്ടലും കൊള്ളയും കവർച്ചയും രക്തച്ചൊരിച്ചിലും മൂലം മക്കയുടെ സാമൂഹികാന്തരീക്ഷം ഏറെ ഭീകരമായിരുന്നു. ശത്രുഭയത്തിലാണ് ഓരോ രാത്രിയും അവർ തള്ളിനീക്കിയിരുന്നത്. പ്രഭാതത്തോടടുത്ത ഏതെങ്കിലും ഒരു സമയത്ത് ശത്രുക്കൾ തങ്ങളുടെ മേൽ ചാടിവീഴുമെന്ന ഭീതിയിൽ നടുങ്ങുന്നതായിരുന്നു അവരുടെ രാത്രികൾ. ശക്തരായ ഗോത്രങ്ങൾ ദുർബലരുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കി. ശക്തിയും പ്രതാപവും ഉള്ളവർ കൂടുതൽ ശക്തിയാർജിച്ചു സുഖിച്ചു.

ഈ അവസ്ഥയെ സൂചിപ്പിച്ചുകൊണ്ട് അവരെ ഓർമപ്പെടുത്തുന്നു, ഈ ചെയ്തികൾക്കൊക്കെ നിമിത്തം മരണത്തെയും മരണാനന്തരജീവിതത്തെയും വിസ്മരിച്ചതാണ്. അതുകൊണ്ടാണ് പരസ്പരം ആദരിക്കേണ്ട ബന്ധങ്ങളെ കൊള്ളയിലും കൊലയിലും ഒടുക്കിനിർത്തിയത്. അതുകൊണ്ടാണ് ധനത്തോടുള്ള ആർത്തി വർധിച്ചതും അത് വാരിക്കൂട്ടാൻ കൊള്ളയുടെ മാർഗം അവലംബിച്ചതും. അതിനു വേണ്ടി ദൈവം അവന് നല്കിയ കഴിവുകളത്രയും ദുർവിനിയോഗം ചെയ്യുകയാണ്. ദൈവത്തിനുവേണ്ടിയും മറ്റു ജനോപകാരപ്രദവുമായ രീതികളിൽ ഉപയോഗിക്കേണ്ട ഖഴിവുകൾ പോലും ധനം വാരിക്കൂട്ടാൻ അധർമ മാർഗത്തിലൂടെയും അല്ലാതെയും വിനിമയം ചെയ്യുന്നു. അതിലൂടെ താൻ സ്വയം ധിക്കാരിയാണെന്ന് മനുഷ്യൻ തെളിയിച്ചുകൊണ്ടുമിരിക്കുന്നു.

അതിനാൽ അവരോട് പറയുന്നു, നിങ്ങളെ നിങ്ങളുടെ കുഴിമാടങ്ങളിൽനിന്ന് പുറത്തുകൊണ്ടുവരികയും നിങ്ങളുടെ കർമങ്ങളെയും നിങ്ങൾ മനസ്സുകളിൽ ഒളിപ്പിച്ചുവെച്ചിരുന്ന രഹസ്യങ്ങളെയും അല്ലാഹു വിസ്തരിക്കുന്നതാണ്. ആ ദിനത്തിലെ ഭയാനകതയെ സംബന്ധിച്ച് നിങ്ങൾക്ക് ബോധ്യമുണ്ടെങ്കിൽ നിങ്ങൾ ഈ അധഃപതനത്തിൽ എത്തിപ്പെടുമായിരുന്നില്ല.

വാക്കർഥം:

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

| | | |
|---|---|---|
| ഓടുന്നവയെക്കൊണ്ട് സത്യം | വൽ ആദിയാത്തി | وَالْعَادِيَاتِ |
| കിതച്ചുകൊണ്ട് | ദബ്ഹൻ | ضَبْحًا |
| *അങ്ങനെ തീപൊരി പാറിക്കുന്നവയുമാണ്* | ഫൽ മൂരിയാത്തി | فَالْمُورِيَاتِ |
| *കുളമ്പുരസിക്കൊണ്ട്* | ഖദ്ഹൻ | قَدْحًا |

| | | |
|---|---|---|
| എന്നിട്ട് ആക്രമണം നടത്തുകയും ചെയ്യുന്നവയുമാണ് സത്യം. | ഫൽ മുഗീറാത്തി | فَالْمُغِيرَاتِ |
| പ്രഭാതത്തിൽ | സ്വുബ്ഹൻ | صُبْحًا |
| എന്നിട്ടവിടെ ഇളക്കിവിടുന്നവയുമാണ് | ഫഅസർന ബിഹി | فَأَثَرْنَ بِهِ |
| പൊടിപടലങ്ങള | നഖ്അൻ | نَقْعًا |
| എന്നിട്ട് നടുവിൽ കടന്നുചെല്ലുകയും ചെയ്യുന്നവയുമാണ് സത്യം. | ഫവസത്വ്ന ബിഹി | فَوَسَطْنَ بِهِ |
| ശത്രുസംഘത്തിനു | ജംഅൻ | جَمْعًا |
| നിശ്ചയം, മനുഷ്യൻ | ഇന്നൽ ഇൻസാന | إِنَّ الْإِنسَانَ |
| തൻെറ നാഥനോട് | ലിറബ്ബിഹി | لِرَبِّهِ |
| ഏറെ നന്ദികെട്ടവൻ തന്നെ. | ലകനൂദ് | لَكَنُودٌ |
| നിശ്ചയം, അവൻ | വഇന്നഹു | وَإِنَّهُ |
| *അതിന്* | അലാ ദാലിക | عَلَىٰ ذَٰلِكَ |
| തീർച്ചയായും *സ്വയം സാക്ഷിയുമാകുന്നു* | ലശഹീദ് | لَشَهِيدٌ |
| തീർച്ചയായും *അവൻ* സ്ഹേത്തിലാകുന്നു | വഇന്നഹുലഹുബ്ബിൽ | وَإِنَّهُ لِحُبِّ |
| ധനത്തോടുള്ള | അൽഖൈരി | الْخَيْرِ |
| തീർച്ചയായും കഠിനം തന്നെ. | ലശദീദ് | لَشَدِيدٌ |
| അവൻ അറിയുന്നില്ലേ | അഫലാ യഅ്‌ലമു | أَفَلَا يَعْلَمُ |
| ഇളക്കിമറിക്കപ്പെട്ടാൽ | ഇദാ ബുഅ്ഥിറ | إِذَا بُعْثِرَ |
| കുഴിമാടങ്ങളിലുള്ളത് | മാഫിൽ ഖുബൂർ | مَا فِي الْقُبُورِ |
| പുറത്തുകൊണ്ടുവരികയും ചെയ്താൽ | വഹുസ്സ്വില | وَحُصِّلَ |
| മാറിടങ്ങളിലുള്ളത്. | മാഫിസ്സ്വുദൂർ | مَا فِي الصُّدُورِ |
| തീർച്ചയായും അവരുടെ നാഥൻ | ഇന്ന റബ്ബഹും | إِنَّ رَبَّهُم |
| അവരെ സംബന്ധിച്ച് | ബിഹിം | بِهِمْ |
| അന്നാളിൽ | യൗമഇദിൻ | يَوْمَئِذٍ |
| സൂക്ഷ്മമായി അറിയുന്നവനാകുന്നു | ലഖബീർ | لَّخَبِيرٌ |

വചന വിശകലനം:

---

وَالْعَادِيَاتِ ضَبْحًا വൽ ആദിയാത്ത് ദ്വബ്ഹൻ

കിതച്ചോടുന്നവയെക്കൊണ്ട് സത്യം

---

ആദിയാത്ത് എന്ന പദം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന കാര്യത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾ ഭിന്നാഭിപ്രായക്കാരാണ്. കുതിരകളാണെന്നും അതല്ല, ഒട്ടകങ്ങളാണെന്നും അഭിപ്രായമുള്ളവർ പിൽക്കാല ഖുർആൻ പണ്ഡിതന്മാരിലെന്നപോലെ നബിയുടെ അനുചരരിലും കാണാം. എന്നാൽ പ്രത്യക്ഷ തെളിവുകളുടെയും പ്രാമാണികരായ ഖുർആൻ വ്യാഖ്യാതാക്കളുടെയും വീക്ഷണത്തിൽ കുതിരകളെയാണ് ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. കാരണം, ആ വാക്കിനുശേഷം ഉപയോഗിച്ച പദം അഥവാ "ദബ്ഹ്" കുതിരകൾ ഓടുമ്പോഴുണ്ടാകുന്ന കിതപ്പിനെയാണ് സൂചിപ്പിക്കുന്നത്. ഒട്ടകത്തിന് കിതക്കുന്ന ശബ്ദം ഉണ്ടാകാറില്ല. മാത്രവുമല്ല, തുടർന്നു പറയുന്ന വചനങ്ങളിലും കുതിരയുടെ ഓട്ടവുമായി ബന്ധപ്പെട്ട സംഗതികളാണ് വിവരിച്ചിട്ടുള്ളത്. (അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ.)

പരലോകവിസ്മൃതിയിലകപ്പെട്ട മനുഷ്യരുടെ ജീവിതാധഃപതനത്തെയും അവരുടെ പരിണതിയെയും സംബന്ധിച്ച പരാമർശങ്ങളെ മനുഷ്യരെ ബോധ്യപ്പെടുത്താൻ കുതിരയെയാണ് അല്ലാഹു പിടിച്ച് സത്യം ചെയ്യാൻ ഉപയോഗിച്ചത്.

---

فَالْمُورِيَاتِ قَدْحًا ഫൽമൂരിയാത്തി ഖദ്ഹൻ

കുളമ്പ് കല്ലിൽ ഉരസി തീപ്പൊരി പാറിക്കുന്നവയുമാണ് സത്യം

فَالْمُغِيرَاتِ صُبْحًا ഫൽ മുഗീറാത്തി സ്വുബ്ഹൻ

എന്നിട്ട് പ്രഭാതത്തിൽ ആക്രമണം നടത്തുന്നവയുമാണ് സത്യം

فَأَثَرْنَ بِهِ نَقْعًا ഫഅഥർന ബിഹി നഖ്ആ

എന്നിട്ട് അവിടെ പൊടിപടലങ്ങൾ ഇളക്കിവിടുന്നവയുമാണ് സത്യം

فَوَسَطْنَ بِهِ جَمْعًا ഫവസത്വ്ന ബിഹീ ജംആ

എന്നിട്ട് ശത്രുസംഘത്തിനു നടുവിൽ കടന്നുചെല്ലുകയും ചെയ്യുന്നവയുമാണ് സത്യം

---

ഈ പ്രയോഗങ്ങളും സവിശേഷതകളുമെല്ലാം കുതിയുടെ ഓട്ടത്തെ സൂചിപ്പിക്കുന്നു. കുതിയുടെ കുളമ്പുകൾ തട്ടി തീപ്പൊരിയുയരുന്നത് രാത്രിയിൽ മാത്രം കാണാൻ കഴിയുന്ന സംഗതിയാണ്. ഒട്ടകങ്ങളുടെയോ മറ്റോ കുളമ്പുകളിൽനിന്ന് ഇതുണ്ടാവുകയില്ല.

അറേബ്യയുടെ സാമൂഹിക പശ്ചാത്തലത്തിൽ നിന്നു ചിന്തിക്കുമ്പോൾ ഈ പരാമർശം വളരെ പരമാർഥമാണ്. അഥവാ ഇരുൾ പറ്റെ വിട്ടുമാറിയിട്ടില്ലാത്ത പ്രഭാതത്തോടടുത്ത നിശാവേളകളിലാണ് അവർ ആക്രമിച്ചിരുന്നത്. അതാകട്ടെ പെടുന്നനെയുള്ള ചാടിവീഴലായിരുന്നു. ശത്രുക്കൾ കാണാതിരിക്കാനും രക്ഷപ്പെടാനുള്ള സമയം അവർക്ക് ലഭിക്കാതിരിക്കാനുമാണ് ഈ രീതി അവർ സ്വീകരിച്ചിരുന്നത്. ഇത്തരം ആക്രമണവേളകളിൽ അശ്വങ്ങളെയാണ് അവർ ഉപയോഗിച്ചിരുന്നത്. അക്കാര്യമാണ് മൂന്നാം വചനത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. അതേ ആക്രമണസ്വഭാവത്തെയാണ് 4-5 വചനങ്ങളിലും പ്രതിപാദിച്ചിട്ടുള്ളത്.

കുതിരയുടെ കിതപ്പിനെയും ഓട്ടത്തെയും തീപ്പൊരിയെയും പിടിച്ചാണയിട്ടു പറയുന്ന സംഗതികളെയാണ് അടുത്ത വചനങ്ങളിൽ പ്രതിപാദിക്കുന്നത്.

إِنَّ الْإِنسَانَ لِرَبِّهِ لَكَنُودٌ ഇന്നൽ ഇൻസാന ലിറബ്ബിഹീ ലകനൂദ്

**തീർച്ചയായും മനുഷ്യൻ തൻെറ നാഥനോട് ഏറെ നന്ദികെട്ടവൻ തന്നെ.**

നേരത്തെ സൂചിപ്പിച്ചതുപോലെ അജ്ഞാനകാല അറേബ്യയുടെ അവസ്ഥകൾ ഈ വചനത്തിൽ വ്യക്തമായി കിടക്കുന്നുണ്ട്. ആമുഖത്തിൽ അക്കാര്യം സൂചിപ്പിക്കുകയും ചെയ്തു. സാന്ദർഭികമായി മനസ്സിലാക്കേണ്ട സംഗതി ഇതത്രെ: നല്ലതിനും സംസ്കരണകൃത്യങ്ങൾക്കും മാത്രം ഉപയോഗപ്പെടുത്തേണ്ടിയിരുന്ന ശക്തിയും സൗകര്യങ്ങളും ദൈവധിക്കാരത്തിനും പരസ്പരം ആക്രമിക്കുന്നതിനും ഉപയോഗിക്കുകയും അതുവഴി സാമൂഹികജീവിതം ദുസ്സഹമാക്കുന്നതിനും സമൂഹത്തിൽ നിലനില്ക്കേണ്ട സാമൂഹിക ധർമവും നീതിയും ഇല്ലാതാക്കുകയുമായിരുന്നു അവർ ചെയ്തത്. ഈവക കാര്യങ്ങൾ ഒരു സമൂഹത്തിൽ ഉടലെടുക്കുകയെന്നതിനർഥം ആ സമൂഹം ധാർമികമായി അധഃപതിച്ചവരും ദൈവധിക്കാരനിലപാടിൽ ജീവിക്കുന്നവരും അവൻ നല്കിയ വിഭവങ്ങൾ അവനെതിരെ ഉപയോഗിക്കുന്ന ധിക്കാരികളുമാകുകയെന്നതാണ്. ഇതുതന്നെയാണ് അക്കാലത്തും സംഭവിച്ചത്. ഇതിനെയാണ് "ലകനൂദ്" എന്ന് പദം കൊണ്ട് അർഥമാക്കുന്നത്.

وَإِنَّهُ عَلَىٰ ذَٰلِكَ لَشَهِيدٌ വഇന്നഹു അലാ ദാലിക ലശഹീദ്

**നിശ്ചയം അവനതിന് സാക്ഷിയാകുന്നു**

അതായത് മനുഷ്യൻ സ്വയം തന്നെ അവൻെറ ധിക്കാരത്തിനും ദൈവനിന്ദക്കും സാക്ഷിയാണെന്നർഥം. മൂന്ന് വിധത്തിലാണ് ഈ സാക്ഷ്യം സംഭവിക്കുന്നത്.

ഒന്ന്, താൻ ചെയ്യുന്ന തെറ്റും ധിക്കാരവും പൂർണമായും നീതിയും ശരിയുമാണെന്ന വിശ്വാസം തെറ്റ് ചെയ്യുന്ന ആർക്കും ഉണ്ടാകാറില്ല. അവർ അവരുടെ ദേഹേഛക്കനുസൃതമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ അതിൻെറ പേരിൽ അവരുടെ മനഃസാക്ഷി അവരെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുക തന്നെ ചെയ്യും. ഇതാണ് പ്രഥമസാക്ഷ്യം.

രണ്ട്, മനുഷ്യൻ ചെയ്യുന്ന ഓരോ കർമത്തിനും അവൻെറ ശരീരം സാക്ഷിയാണ്.

മൂന്ന്, തെറ്റു കുറ്റങ്ങളുടെ പ്രതിഫലനവും സ്വാധീനവും അത് പ്രവർത്തിക്കുന്നവരുടെ ജീവിതത്തിൽ മാത്രം പരിമിതമായിരിക്കുകയില്ല. സമൂഹത്തിൽ ഒട്ടാകെ അതിന് സ്വാധീനം ലഭിക്കുന്നുണ്ട്. പല തലങ്ങളിലും അതിൻെറ അനുരണനം നടക്കുന്നുണ്ട്. അതിനാൽ തന്നെ ഒരാൾ വരുത്തിവെക്കുന്ന തെറ്റിന് അയാൾ ജീവിക്കുന്ന സമൂഹവും സാക്ഷികളാണ്.

ഇതിന് അവരെ പ്രേരിപ്പിക്കുന്ന ബാഹ്യകാരണങ്ങൾ എന്തുതന്നെയായാലും ശരി, അതിൻെറ ആന്തരികവശം ഇവയാണ്:

1. താൻ അനുഭവിക്കുന്ന ദൈവികാനുഗ്രഹങ്ങൾക്ക് അവൻ ഒരിക്കലും ദൈവത്തോട് നന്ദി പ്രകടിപ്പിക്കുന്നില്ല.

2. താൻ അനുഭവിക്കുന്ന അനുഗ്രഹങ്ങൾക്കുടമയായ ഏകദൈവത്തെ അവൻ പരിഗണിക്കുകയോ വില വെക്കുകയോ ചെയ്യുന്നില്ല.

3. തനിക്കു ചുറ്റും ജീവിക്കുന്നത് തന്നെപ്പോലെ അവകാശങ്ങളും സ്വാതന്ത്ര്യവുമുള്ള മനുഷ്യരാണെന്ന മാനുഷികഗുണം അവനിൽ ഒട്ടുമില്ല. മനുഷ്യരെ അവൻ മാനിക്കുന്നുമില്ല.

ഈ ദുർഗുണങ്ങൾ ആരിൽ ഉണ്ടോ അത്തരക്കാരിൽനിന്ന് ഒരിക്കലും ദൈവം ഇഷ്ടപ്പെടുന്ന കർമങ്ങൾ ഉണ്ടാവുകയില്ല. അത്തരക്കാരിൽനിന്ന് സമൂഹം ഒരിക്കലും നിർഭയരാവുകയുമില്ല.

ഈവക ദുശ്ചെയ്തികളും അക്രമപ്രവർത്തനവും എന്തിനെന്ന സ്വാഭാവികമായ ചോദ്യത്തിനുള്ള ഉത്തരമാണ് അടുത്ത വചനം നല്കുന്നത്.

وَإِنَّهُ لِحُبِّ الْخَيْرِ لَشَدِيدٌ വഇന്നഹു ലിഹുബ്ബിൽ ഖൈരി ലശദീദ്

ധനത്തോടുള്ള അവൻെറ പ്രേമം അതിശക്തമാണ്.

ധനവും പ്രതാപവുമാണവൻെറ ജീവിതലക്ഷ്യം. അത് ഏതു വിധേനയും സമ്പാദിക്കുന്നതിനാണ് അവൻ തൻെറ സകല അധ്വാനവും വിഭവങ്ങളും ചെലവഴിക്കുന്നത്. ഇത് കാലാകാലങ്ങളിലും തുടർന്നുവരുന്ന നിലപാടാണ്.

ഈ വചനത്തിൽ ഉപയോഗിച്ച ഖൈർ എന്നത് നന്മക്കാണ് പൊതുവെ പറയാറുള്ളത്. എന്നാൽ സാന്ദർഭികമായി പദങ്ങളുടെ അർഥം മാറും. ഇവിടെ ഖൈർ എന്നതുകൊണ്ട് സമ്പത്തിനെയും സ്ഥാനമാനങ്ങളെയുമാണ് ഉദ്ദേശിച്ചത്. അതിനുവേണ്ടിയാണ് അവൻ പരസ്പരം ആക്രമിക്കുന്നതും കിടമത്സരം നടത്തുന്നതുമൊക്കെ. നന്മയെ സ്നേഹിക്കുന്ന ഒരാൾ ഇത്തരം അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെടുകയില്ലല്ലോ.

മുകളിൽ സൂചിപ്പിച്ചതുപോലെ പരലോകവിസ്മൃതിയുടെയും ഭൗതികപൂജയുടെയും പരിണതിയെ സംബന്ധിച്ച് മനുഷ്യനെ ബോധ്യപ്പെടുത്തുന്നതിനു വേണ്ടി അല്ലാഹു പറഞ്ഞു:

أَفَلَا يَعْلَمُ إِذَا بُعْثِرَ مَا فِي الْقُبُورِ അഫലാ യഅ്ലമു ഇദാ ബുഅ്ഥിറ മാഫിൽ ഖുബൂർ

അവൻ അറിയുന്നില്ലേ, ഖബ്റുകളിലുള്ളവ ഇളക്കി മറിച്ച് പുറത്തുകൊണ്ടുവരപ്പെട്ടാൽ.

മരണാനന്തജീവിതത്തെയും വിചാരണയെയും സംശയിക്കുകയും നിഷേധിക്കുകയും ചെയ്തവർക്കുള്ള താക്കീതാണ് ഈ വചനം. മനുഷ്യൻ മരണപ്പെടുകയും മറവ് ചെയ്യപ്പെടട്ടെ, മറ്റു രീതികളിൽ അവൻെറ ഭൗതികശരീരത്തെ സംസ്കരിക്കട്ടെ, വിചാരണാഘട്ടത്തിൽ അല്ലാഹു അവനെ അവൻെറ കുഴിമാടങ്ങളിൽനിന്ന് പൂർവസ്ഥിതിയിൽ ഉയിർത്തെഴുന്നേല്പിച്ചു കൊണ്ടുവരിക തന്നെ ചെയ്യും. ഇല്ലായ്മയിൽനിന്ന് ഒരിക്കൽ അവന് അസ്തിത്വം നല്കിയ ഏകദൈവത്തിന് വീണ്ടും അവനെ മരണശേഷം ഉയിർത്തെഴുന്നേല്പിക്കുകയെന്നത് പ്രയാസമുള്ള കാര്യമല്ല.

ഇഹലോകജീവിതത്തിൽ അവൻെറ ദൈവധിക്കാരനടപടികൾക്കും പരലോകത്തെ വിസ്മരിച്ചുള്ള തെറ്റായ കർമങ്ങൾക്കും അവന് പ്രതിഫലം നല്കുകയത്രെ ഈ ഉയിർത്തെഴുത്തേല്പിക്കലിൻെറ ലക്ഷ്യം.

ബുഅ്ഥിറ എന്ന പദത്തിന് ഇളക്കിമറിക്കുകയെന്നർഥം. അന്ത്യനാളിലെ സംഭവങ്ങളിൽ പെട്ടതാണ് ഖബ്റുകൾ- കുഴിമാടങ്ങൾ- ഇളക്കിമറിക്കപ്പെടുകയും അതിലുണ്ടായിരുന്നവർ പൂർവസ്ഥിതിയിൽ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുകയെന്നത്.

وَحُصِّلَ مَا فِي الصُّدُورِ വഹുസ്സില മാഫിസ്സുദൂർ

ഹൃദയങ്ങളിലുള്ളത് പുറത്ത് കൊണ്ടുവരപ്പെടുകയും ചെയ്താൽ.

അന്ത്യനാളിൽ ആർക്കും അവരുടെ ഹൃദയങ്ങളിലുള്ളത് ഒളിപ്പിച്ചുവെക്കാനാകില്ല എന്നർഥം. അത് പുറത്തുകൊണ്ടുവന്ന് അല്ലാഹു വിചാരണാ വിധേയമാക്കും.

ഹുസ്സില എന്ന വാക്ക് അർഥമാക്കുന്നത് ഒരു വസ്തുവെ വെളിക്ക് കൊണ്ടുവരുന്നതിനെയാണ്. അതായത്, മനസ്സിലുണ്ടായിരുന്ന വിചാരങ്ങളും ആഗ്രഹങ്ങളും കൊതിയും പദ്ധതിയും അഭിലാഷങ്ങളും ശത്രുതയും വിദ്വേഷവും പകയും ഇഷ്ടവും മറ്റു തരത്തിലുള്ള വികാരങ്ങളും, അവൻെറ കർമങ്ങളുടെ പിന്നിലുണ്ടായിരുന്ന ചോദനകളുമൊക്കെ പുറത്തുകൊണ്ടുവരികയും അവയെ വിസ്തരിച്ച് രക്ഷാ ശിക്ഷകൾ വിധിക്കുകയും ചെയ്യും. ഒരാളുടെ കർമങ്ങളല്ല, പാരത്രികപ്രതിഫലങ്ങൾക്ക് അടിസ്ഥാനം, അവയ്ക്ക് പിന്നിലുണ്ടായിരുന്ന ഉദ്ദേശ്യങ്ങളാണ്. അവയെ ആശ്രയിച്ചാണ് അവന് പ്രതിഫലം നല്കുന്നത്. ഇതത്രെ പാരത്രികജീവിതത്തിൽ നീതി ലഭിക്കുന്നതിന് ദൈവം ഏർപ്പെടുത്തിയ സംവിധാനങ്ങളിലൊന്ന്. ഭൗതിക കോടതികളിൽ

ഒരാൾക്ക് താൻ ചെയ്ത കർമങ്ങളെ നിഷേധിച്ചു രക്ഷപ്പെടാൻ സാധിച്ചേക്കും. ഖാരണം, അവിടെ പ്രത്യക്ഷ തെളിവുകളാണ് പരിഗണിക്കുന്നത്. ഒരുപക്ഷേ, ബാഹ്യ സമ്മർദ്ദങ്ങളും അയാളുടെ രക്ഷക്ക് നിമിത്തമായേക്കാം. എന്നാൽ ദൈവികകോടതിയിൽ അയാളുടെ കർമങ്ങൾക്ക് അയാളുടെ ശരീരാവയവങ്ങളായിരിക്കും സാക്ഷി പറയുക. അതൊരിക്കലും നിഷേധിക്കാൻ അയാൾക്ക് സാധിക്കുകയില്ല.

മനസ്സിലെ രഹസ്യങ്ങളെയാണ് അല്ലാഹു വിചാരണ ചെയ്യുക. അഥവാ, കർമങ്ങൾക്കു പിന്നിലെ ഉദ്ദേശ്യങ്ങളെ. പ്രവാചകൻ പറയുകയുണ്ടായി: അല്ലാഹു നിങ്ങളുടെ രൂപങ്ങളിലേക്കും കർമങ്ങളിലേക്കുമല്ല നോക്കുന്നത്. പ്രത്യുത, നിങ്ങളുടെ ഹൃദയങ്ങളിലേക്കാകുന്നു നോക്കുന്നത്." ഹൃദയരഹസ്യങ്ങൾ രണ്ടാമതൊരാൾക്ക് പ്രാപ്യമല്ലാത്ത വിധം അയാളുടെ മനസ്സിൽ മാത്രം ഗോപ്യവുമായിരിക്കും. പക്ഷേ, പരലോക വിചാരണാഘട്ടത്തിൽ ഏകദൈവം അത് ജനസമക്ഷം കൊണ്ടുവരികയും അതിൻെറ അടിസ്ഥാനത്തിൽ അയാളെ വിസ്തരിച്ചു രക്ഷാ-ശിക്ഷകൾ വിധിക്കുകയും ചെയ്യുന്നതാണ്.

ഇതോടൊപ്പം മനസ്സിലാക്കേണ്ട മറ്റൊരു സംഗതിയിതത്രെ: ഒരാളുടെ കർമത്തിന് പ്രചോദനമായ വികാരം എന്തായിരുന്നുവെന്നും ആ വികാരത്തിൻെറ ലക്ഷ്യവും ഉദ്ദേശ്യവും എന്തൊക്കെയായിരുന്നുവെന്നും അതും അതോടനുബന്ധിച്ചുണ്ടായ കർമങ്ങളും സമൂഹത്തിൽ ഏതെല്ലാം തലങ്ങളിൽ ഏതെല്ലാം വിധത്തിൽ പ്രതിഫലനങ്ങൾ ഉണ്ടാക്കിയെന്നും സൂക്ഷ്മമായി അല്ലാഹു വിലയിരുത്തുന്നതാണ്. അവയാകട്ടെ ഓരോരുത്തരുടെയും വിചാരണാഗ്രന്ഥത്തിൽ രേഖപ്പെടുത്തിവെക്കുകയും ചെയ്യുന്നുണ്ട്. അക്കാര്യം യാസീൻ അധ്യായത്തിൽ പ്രതിപാദിച്ചതായി കാണാം. "തീർച്ചയായും നാം തന്നെയാണ് മരിച്ചവരെ ജീവിപ്പിക്കുന്നത്. അവർ ചെയ്തുവെച്ചതും അവരുടെ കർമങ്ങളുടെ അനന്തരഫലങ്ങളും നാം എഴുതിവെക്കുകയും ചെയ്യുന്നു. എല്ലാ കാര്യങ്ങളും വ്യക്തമായ ഒരു രേഖയിൽ നാം നിജപ്പെടുത്തിവെച്ചിരിക്കുന്നു."

---

إِنَّ رَبَّهُم بِهِمْ يَوْمَئِذٍ لَّخَبِيرٌ ഇന്ന റബ്ബഹും ബിഹിം യൗമഇദില്ലഖബീർ

അന്നാളിൽ അവരുടെ നാഥൻ അവരെ സംബന്ധിച്ച് സൂക്ഷ്മമായി അറിയുന്നവനാകുന്നു.

---

ഇതാകുന്നു അവസാന വചനത്തിൽ പരാമർശിച്ചിട്ടുള്ളത്. അതായത്, ഇഹലോകകർമങ്ങളുടെയും അവയുടെ ഉദ്ദേശ്യങ്ങളുടെയും അടിസ്ഥാനത്തിൽ ആരൊക്കെയാണ് പരലോകത്ത് രക്ഷക്കും ശിക്ഷക്കും വിധേയമാവുകയെന്ന രഹസ്യം അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ എന്നർഥം.